# കനം കുറഞ്ഞതും വിലകുറഞ്ഞതുമായ പ്ലാസ്റ്റിക് മാലിന്യങ്ങളെ ശാസ്ത്രീയമായി സംസ്കരിച്ചു മൂല്യ വർദ്ധിതമായ കെട്ടിട നിർമാണ സാമഗ്രികളാക്കുന്ന സാങ്കേതികവിദ്യ

## പ്രശ്നം

• കനം കുറഞ്ഞതും വിലകുറഞ്ഞതുമായ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ സംസ്കരണം ലോകത്തെമ്പാടും വലിയൊരു വെല്ലുവിളിയാണ്. അവയെ വേർതിരിച്ച് ശേഖരിക്കുകയും അവയുടെ അളവ് കുറച്ചു കൊണ്ടു വരുന്നതിനുള്ള പദ്ധതികളാവിഷ്കരിക്കുകയുമാണ് വേണ്ടത്. ഇത്തരത്തിൽ തരംതിരിച്ച് ശേഖരിക്കുന്നവയെ മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി മാറ്റുക എന്നതാണ് നിലവിലുള്ള പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിനുള്ള ഫലപ്രദമായ പോംവഴി. ഖരമാലിന്യങ്ങളിൽ ഏറ്റവും കൂടുതൽ പ്രശ്നങ്ങളുണ്ടാക്കുന്നത് പാക്കേജിംഗിനുപയോഗിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളാണ്. ഹരിത കർമസേനകളുടെ പ്രവർത്തനം വിപുലീകരിച്ചതു വഴി കേരളത്തിൽ 87 ശതമാനം വീടുകളിൽ നിന്നും നേരിട്ട് വേർതിരിച്ച പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കപ്പെടുന്നുണ്ട്. എന്നാൽ ഇവയെ സംസ്കരിക്കുന്നതിനുള്ള സംവിധാനം കേരളത്തിലില്ല എന്നതൊരു വെല്ലുവിളിയാണ്.

## പ്രശ്ന പരിഹാരം

• റീസൈക്കിൾ ചെയ്യാനാവാത്ത മൾട്ടി ലേയേർഡ് & സിംഗിൾ യൂസ് പ്ലാസ്റ്റിക് മാലിന്യങ്ങൾ, സി&ഡി വേസ്റ്റ് എന്നിവ ഉപയോഗിച്ച് ഇഷ്ടികകൾ, റൂഫിംഗ് ടൈലുകൾ, പേവർ ബ്ലോക്കുകൾ, ടൈലുകൾ, സ്ലാബുകൾ, ജാളികൾ തുടങ്ങിയ ഉയർന്ന നിലവാരമുള്ള നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്ന സാങ്കേതികവിദ്യ

• ഇത് ഭാവിയിൽ ഉണ്ടാകാവുന്ന കെട്ടിട നിർമാണ സാമഗ്രികളുടെ ലഭ്യതക്കുറവ് പരിഹരിക്കാൻ സഹായിക്കും.



## സവിശേഷതകൾ

• വെള്ളത്തിന്റെ കുറഞ്ഞ ആഗിരണം
• ഉയർന്ന കംപ്രസ്സീവ് സ്ട്രെങ്ത്
• ഭാരം താങ്ങാനുള്ള ഉയർന്ന ശേഷി.
• കുറഞ്ഞ താപ ചാലകത.
• സുരക്ഷിതമായ താപ സ്ഥിരത.
• നിർമ്മാണത്തിന് വളരെ കുറവ് വെള്ളം മതി.
• വളരെ പെട്ടെന്ന് നിർമ്മിച്ചെടുക്കാം
• കുറഞ്ഞ അളവിലുള്ള കാർബൺ ഡൈ ഓക്സൈഡ്
• പുറംതള്ളൽ.
• ഭാരം കുറവ്
• താരതമ്യേന കുറഞ്ഞ വില.







